For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Reg. No. M6/33628/2001

Postal Reg. No.
KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 6 | മെയ് 2008

വാർത്താപത്രിക

# കേരളത്തിലെ ആദിവാസികൾ



*മുതുകർ വിഭാഗത്തിലെ ഒരു വൃദ്ധൻ*

**കേ**രളത്തിന്റെ വനമേഖലയിൽ 36-ഓളം പേരുകളിൽ അറിയപ്പെടുന്ന ആദിവാസി ഗോത്രങ്ങളുണ്ട്. കാസർകോട് ജില്ലയിലെ ഹോസ്ദുർഗിൽ കാണുന്ന മറാത്തി സംസാരിക്കുന്ന ആദിവാസി ഗോത്രം മുതൽ തിരുവനന്തപുരത്തെ അഗസ്ത്യാർ മേഖലയിലെ തമിഴ് സംസാരിക്കുന്ന ആദിവാസി ഗോത്രങ്ങൾ വരെ നീളുന്നു ഈ പട്ടിക. ഇവരുടെ ഇടയിൽ നിന്ന് വളരെ ചുരുക്കം പേർ ഉന്നത വിദ്യാഭ്യാസം നേടി പട്ടണവാസികളായി ജീവിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗവും വനമേഖലയോട് ചേർന്നും, വനത്തിനകത്തുമാണ് താമ



*കാടാർ കുടുംബം*

സിക്കുന്നത്. പ്രകൃതി ശക്തികളെ ആരാധനാ മൂർത്തികളാക്കി, പ്രകൃതിയുമായി ചേർന്ന് ജീവിക്കുന്ന ഇവർ ഉപജീവിക്കുന്നതും പ്രകൃതി കനിഞ്ഞു നൽകുന്ന വസ്തുക്കൾ കൊണ്ടാണ്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ള ആദിവാസികളിൽ നിന്ന് വ്യത്യസ്തമായി ഈ നാളുകളിൽ കേരളത്തിലെ ആദിവാസികൾ അവകാശ സമരങ്ങളുമായി മുന്നോട്ടു വന്നു. നേരത്തെ ഊരു മൂപ്പന്റെ നേതൃത്വത്തിൽ സ്വന്ത നിയമങ്ങൾക്ക് വിധേയരായിരുന്ന ആദിവാസികൾ ഇപ്പോൾ തങ്ങൾ ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ കീഴിലുള്ളവരാണെന്നുള്ള തിരിച്ചറിവായിരിക്കാം ഈ വിധത്തിലുള്ള സമരപരിപാടികളുടെ തുടക്കം. “സ്വന്തമായി ഭൂമി” ഇതാണ് പ്രധാന ആവശ്യം. നേരത്തെ വിസ്തൃതമായ വനത്തിനകത്ത് സ്വൈര്യവിഹാരം ചെയ്തിരുന്നു ഇവർ.

ആചാരാനുഷ്ഠാനങ്ങൾ കൊണ്ടാണ് ഇവർ തമ്മിൽ ഏത് ഗോത്രക്കാരാണെന്ന് തിരിച്ചറിഞ്ഞു കൊണ്ടിരുന്നത്. ഇവരിൽ തന്നെ “മുന്തിയതും താഴ്ന്നതും” ആയ ഗോത്രങ്ങളുണ്ട്. ചില വിഭാഗങ്ങൾ വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നതു പോലും ഇതിന്റെ അടിസ്ഥാനത്തിലാണ്.

ഇന്ന് ആദിവാസികൾക്ക് പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയുകയില്ല. കാരണം നേരത്തെ കാട്ടിൽ നിന്ന് ലഭിക്കുന്നതായിരുന്നു അവരുടെ ആഹാരം. ഇന്ന് സ്ഥിതി മാറി. കാട്ടിൽ വേട്ടയാടാനോ, കാട്ടിൽ നിന്നുള്ളത് എടുക്കുവാനോ, നിയമം അനുവദിക്കുന്നില്ല. മാത്രമല്ല, കാട്ടിൽ നിന്നകന്ന് ഗ്രാമങ്ങളോടു ചേർന്നുള്ള ഇവരുടെ താമസവും ഇവരെ ഒരു സാമൂഹിക ജീവിത പശ്ചാത്തലത്തിലേക്ക് കൊണ്ടുവന്നു. എന്നാൽ ഈ സ്ഥിതിയുമായി ഇണങ്ങിചേരുവാൻ ഇവരിൽ ഭൂരിഭാഗത്തിനും കഴിഞ്ഞിട്ടില്ല. അട്ടപ്പാടി മേഖലയിൽ കാണുന്ന ‘മുതുകർ’ എന്ന ഗോത്രത്തിന്റെ ചരിത്രം പരിശോധിച്ചാൽ അത് മനസിലാകും. കാടിനുള്ളിൽ ജീവിക്കുന്നവരാണ് ഇവർ. ഇവരെ പുനരധിവസിപ്പിക്കുവാനായി സർക്കാർ അധികാരികൾ സൈലന്റ് വാലിയിലെ ചില ജോലികൾ ഇവരെ ഏൽപ്പിച്ചു. എന്നാൽ “ജോലിക്ക് കൂലി” എന്ന വ്യവസ്ഥയോട് യോജിക്കുവാൻ ഇവർക്ക് കഴിഞ്ഞില്ല. ഇവരിൽ ഭൂരിഭാഗവും തിരിച്ച് കാട്ടിലേക്ക് പോയി. ഇപ്പോൾ ഇവർ എങ്ങനെ ജീവിക്കുന്നു എന്നതാണ് ഏറ്റവും ദയനീയം. പുൽചൂലിനായി ഉപയോഗിക്കുന്ന പുല്ല് ധാരാളം കാടിനുള്ളിൽ തഴിച്ചു വളരുന്നുണ്ട്. അത് വെട്ടിയെടുത്ത് തമിഴ്നാടിന്റെ അതിർത്തിയോട് ചേർന്ന മേഖലയിൽ തലച്ചുമടായി എത്തിക്കും. കോയമ്പത്തൂരിൽ നിന്ന് വരുന്ന പുല്ല് വ്യാപാരികൾ

> **കേരളത്തിലെ ആദിവാസികൾ ഈ പേരുകളിൽ അറിയപ്പെടുന്നു**
>
> *ആദിയാൻ, അരന്തൻ, ഏർനാടൻ, ഇരവാളൻ, ഹിൽ പുലയ, ഇരുളർ, ഇരുളൻ, കാടാർ, കുമ്മറ, കന്നിക്കാരൻ, കട്ടനായകൻ, കൊച്ചുവാലൻ, കൊണ്ടകപുസ്, കൊണ്ടി റെഡ്ഡിസ്, കൊരഗ, കൊട്ട, കുടിയ, കുരിച്ചൻ, കുടുമാസ്, കുറുബാസ്, മഹാമലസർ, മലയരൻ, മലയരയർ, മലപണ്ടാരം, മലവേടൻ, മലകുറവൻ, മലസർ, മലയൻ, മന്നൻ, മറാത്തി, മുത്തൻ, മുതുകർ, മുതുവാൻ, പലിയാൻ, പന്നിയാൻ, ഉള്ളാടൻ, ഉരളി, ചോളനായിക്കൻ, കാട്ടുനായിക്കൻ.*

കുറച്ച് അരിയും, ഒരു കുപ്പി മദ്യവും ഇവർക്ക് നൽക് പുല്ല് മുഴുവനും ലോറിയിൽ കയറ്റി കൊണ്ടുപോകും. ആൺപെൺ വ്യത്യാസമില്ലാതെ എല്ലാവർക്കും ലഭിക്കുന്ന ഈ ഉപഹാരം സേവിച്ച് ആഘോഷത്തോടെ ഇവർ മടങ്ങിപോകും.

ഇവരുടെ ഊരുകളിലെ കാഴ്ച വളരെ ദയനീയമാണ്. ഉടുതുണിക്ക് മറുതുണിയില്ലാത്ത കുഞ്ഞുങ്ങൾ. പോഷകാഹാരകുറവു കൊണ്ട് ക്ഷീണിച്ച ശരീരം. പുല്ലു മേഞ്ഞ കൂരകൾക്ക് ഒരു കാറ്റിനെ പോലും പ്രതിരോധിക്കാൻ ശക്തിയില്ല. മറ്റൊരു ദയനീയ കാഴ്ച 13, 14 വയസിൽ വിവാഹിതരാകുന്ന പെൺകുട്ടികൾ. അവരുടെ കൈയിൽ വിശന്നു കരയുന്ന കുഞ്ഞുങ്ങൾ.

വേറെയുമുണ്ട് മറ്റ് പേരുകളിൽ അറിയപ്പെടുന്ന ആദിവാസികൾ. കാട്ടിൽ നിന്നും തേനും, പച്ചമരുന്നുകളും ശേഖരിച്ച് ഉപജീവനം കഴിക്കുന്നവർ. പക്ഷെ ഇവരെല്ലാം ചൂഷണം ചെയ്യപ്പെടുകയാണ്. ദൈവത്തിന്റെ വിലയേറിയ സൃഷ്ടികളാണ് തങ്ങളെന്നുള്ള തിരിച്ചറിവിനു മാത്രമെ ഇവരെ രക്ഷിക്കുവാൻ മുഖാന്തരമാവുകയുള്ളൂ.

കേരളത്തിൽ നിന്ന് നമ്മുടെ സുവിശേഷകർ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ആദിവാസി മേഖലകളിലേക്ക് സുവിശേഷ പ്രവർത്തിനായ് കടന്നു പോയിട്ടുണ്ട്. എന്നാൽ കേരളത്തിൽ അട്ടപ്പാടി ഒഴിച്ച് വേറെ സ്ഥലങ്ങളിൽ ആദിവാസി മേഖലയിൽ മാത്രമായി സുവിശേഷ പ്രവർത്തനം നടക്കുന്നില്ല.

മലപ്പുറം ജില്ലയിലെ കുന്നത്ത് കോളനിയിലെ ആദിവാസികൾ ഒന്നാകെ ക്ഷയരോഗത്താൽ ബാധിതരാണെന്ന വാർത്ത ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇത് ആ കോളനിയിലെ മാത്രം ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിലെ ആദിവാസി കോളനികൾ ഒന്നല്ലെങ്കിൽ മറ്റൊരുതരത്തിൽ ദുരന്തമനുഭവിക്കുന്നവരാണ്. പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സംവിധാനമില്ലാത്ത കോളനികളിൽ സാനിറ്റേഷൻ, ആരോഗ്യരംഗങ്ങളിൽ എന്തെങ്കിലും ചെയ്യാൻ സാധിച്ചാൽ അത് വളരെ വലിയ കാര്യമാണ്. കേരളത്തിലെയും ലോകത്തിലെവിടുയുമുള്ള മലയാളി വിശ്വാസികളുടെ ദശാംശത്തിലെ ഒരു പങ്ക് ഈ മേഖലയിൽ ചിലവഴിച്ചാൽ അത് ഇക്കൂട്ടരുടെ ഇടയിലെ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഒരു വാതിലായി തീരും.

പക്ഷേ അത് ഉപയോഗിക്കാനുള്ള സംവിധാനമാണ് ആദ്യം നമുക്കുണ്ടാകേണ്ടത്. ട്രസ്റ്റുകളും ഫണ്ടുകളും കൊണ്ട് സമ്പന്നമായ നമ്മുടെ സമൂഹത്തിൽ നിന്ന് മേൽ പറഞ്ഞ രീതിയിലുള്ള സംവിധാനമൊരുക്കാനും, ഈ മേഖലയിൽ ക്രിയാത്മകമായി പ്രവർത്തിക്കാനും ദൈവ വിളി കേട്ട് ചിലരെങ്കിലും മുന്നോട്ട് വന്നിരുന്നെങ്കിൽ.



*മലയ സ്ത്രീയും കുഞ്ഞും*

## ഉൾപേജിൽ

ആരാധന യോഗം .................... 2
രോഗം മാറിയിട്ട് .................... 2
പ്രതിസന്ധികളിൽ .................... 3
വിവാഹ വേദി .................... 3
ചോദ്യോത്തരം .................... 3

## തിരുവനന്തപുരത്ത് യുവജന ക്യാമ്പ്

**മെയ് 25 മുതൽ 29 വരെ**

15നും 30നും മദ്ധ്യേ പ്രായമുള്ള വിശ്വാസികളായ യുവതീ യുവാക്കന്മാരുടെ ആത്മീകാഭിവൃദ്ധിക്കായി മെയ് 25 ഞായർ വൈകിട്ട് 6 മുതൽ 29 വ്യാഴം രാവിലെ 6 വരെ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു. തിരുവനന്തപുരം മണ്ണന്തല ജെ.എം.എം. സ്റ്റഡി സെന്ററിൽ നടക്കുന്ന ക്യാമ്പിൽ സഹോദരന്മാരായ മാത്യുപോൾ, ജോൺ കുര്യൻ, കെ. തോമസ് മാത്യു, വർഗീസ് ജോൺ തുടങ്ങിയവർ ക്ലാസുകളെടുക്കും. ഒരാൾക്ക് ഏകദേശം 400 രൂപ ചെലവു വരുമെങ്കിലും നിർബന്ധിത ഫീസ് വച്ചിട്ടില്ല. അവരവരുടെ പ്രാപ്തിപോലെ ഫെയിത്ത് ബോക്സിൽ നിക്ഷേപിക്കാം. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് രജിസ്റ്റർ ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും - തോമസ് ജോൺ (Tel. 9447341237) MRA - 19 A, Medathuvila Lanme, Medical College P.O., Trvivandrum - 11.



*അങ്കമാലി വി.ബി. എസ്സിൽ പങ്കെടുത്ത കുട്ടികൾ*

# കുട്ടികൾക്ക് ആഘോഷകാലം

**മ**ദ്ധ്യവേനലവധിക്കാലം കുട്ടികൾക്ക് ആഘോഷത്തിന്റെ ദിനങ്ങളായിരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം നടന്ന വി.ബി. എസുകളായിരുന്നു പ്രധാന ആകർഷണം. പുതിയ പാട്ടുകൾ പഠിച്ചും, കഥകൾ കേട്ടും, ഗെയിംസിലൂടെയും കർത്താവായ യേശുവിന്റെ സ്നേഹത്തെ മനസ്സിലാക്കിയ കുഞ്ഞുങ്ങൾ പുതിയ അദ്ധ്യയന വർഷത്തിൽ സ്നേഹനാഥന്റെ പാതകൾ പിൻതുടരും എന്ന പ്രതീക്ഷയിലാണ്.

ഭാരതത്തിലെ ബ്രദ്റൻ ചരിത്രത്തിലാദ്യമായി 1994-ൽ ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രി അഞ്ചു ദിവസത്തെ വെക്കേഷൻ ബൈബിൾ സ്കൂൾ സിലബസ് പ്രസിദ്ധീകരിച്ചു. അതിനു മുമ്പ് നമ്മുടെ ഇടയിൽ നടന്നിരുന്ന ചുരുക്കം വി.ബി.എസുകൾ 10 ദിവസം നീണ്ടു നില്ക്കുന്ന ബാംഗ്ലൂരിൽ നിന്നുള്ള സിലബസായിരുന്നു ഉപയോഗിച്ചിരുന്നത്. 5 ദിവസങ്ങൾ എന്നുള്ളതു കൊണ്ട് സംഘാടകർക്കും, കുട്ടികൾക്കും ഒരു പോലെ സൗകര്യപ്രദമായി. പിന്നീട് ബാലസംഘവും 5 ദിവസത്തെ സിലബസ് പ്രസിദ്ധീകരിച്ചതോടുകൂടി കൂടുതൽ സ്ഥലങ്ങളിലേക്ക് വി.ബി.എസ്. പ്രവർത്തനം വ്യാപിച്ചു.

അറിയുക, മനസ്സിലാക്കുക, പ്രായാഗികമാക്കുക എന്നീ മൂന്നു തലങ്ങളിലായിട്ടാണ് സിലബസ് ക്രമീകരിച്ചിരിക്കുന്നത്. അതു കൊണ്ട് തന്നെ പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിലും പ്രാവർത്തികമാക്കുവാൻ കുട്ടികൾ ശ്രമിക്കുന്നുണ്ട്. സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട കുട്ടികളാണ് വി.ബി.എസിൽ പങ്കെടുക്കുന്നതെന്ന് മറ്റൊരു പ്രത്യേകതയാണ്. കുട്ടികളോട് സുവിശേഷം പറയുവാൻ ഇതുപോലെ വേറൊരു വേദിയില്ല എന്നാണ് വി.ബി.എസ്. സംഘാടകർ പറയുന്നത്.

സഭകളായും, വ്യക്തികളായും വി.ബി.എസുകൾ നടത്തുന്നുണ്ട്. സൺഡേ സ്കൂൾ ടീച്ചേഴ്സും, കുഞ്ഞുങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവരുമാണ് പ്രധാനമായും ഇതിന്റെ പുറകിൽ അദ്ധ്വാനിക്കുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ അദ്ധ്യാപകരുടെ കുറവുണ്ട്. കൂടുതൽ പേർ ഈ രംഗത്തേക്കു വന്നിരുന്നെങ്കിൽ ഭാരത സുവിശേഷീകരണത്തിന്റെ മുഖഛായ തന്നെ മാറിയെന്നു വരാം.

ഇപ്രാവശ്യം ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രി മറാത്തിയിൽ സിലബസ് പ്രസിദ്ധീകരിച്ചു. ഉഗാറിൽ നടന്ന വി.ബി.എസിൽ അനേക കുട്ടികൾ പങ്കെടുത്തു. ഹിന്ദിയിലും പ്രസിദ്ധീകരണത്തിനായ് സിലബസ് തയ്യാറായിക്കഴിഞ്ഞു.

ആഘോഷത്തിനൊപ്പം ദൈവസ്നേഹവും ധാർമ്മീക മൂല്യവു കുട്ടികളുടെ ജീവിതത്തിലേക്ക് പകർന്നു കൊടുക്കുന്ന ഈ സുവിശേഷ പ്രവർത്തനത്തിൽ ഒരു കൈത്താങ്ങളാകുവാൻ ചിലരെ ദൈവം എഴുന്നേൽപ്പിക്കട്ടെ...!



*മഹാരാഷ്ട്രയിലെ മീരജിനു സമീപം കർണ്ണാടക അതിർത്തി പ്രദേശമായ ഉഗാറിൽ സഹോ. എബി ജോർജ്ജിന്റെ ഭവനത്തോട് ചേർന്ന് നടത്തിയ വി.ബി. എസ്സിൽ പങ്കെടുത്തവർ റ്റി.റ്റി.തോമസ്, എബ്രഹാം ജേക്കബ്, രൂബൻ ഹുക്കേരി എന്നിവരോടൊപ്പം*

# ആരാധന യോഗം - എന്ത് ഉദ്ദേശിച്ചിരിക്കുന്നു

Uplook മാസിക 2007–ൽ ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിന്ന്. വാരൺ ഹെൻഡേഴ്സൻ ആണ് എഴുത്തുകാരൻ.

ആരാധനയെ കുറിച്ച് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത് മനസ്സിലാക്കുമ്പോൾ കർതൃമേശയെ 1 കൊരി. 10:21 (Lord's Table) അല്ലെങ്കിൽ കർത്താവിന്റെ അത്താഴം 1 കൊരി. 11:20 (Lord's Supper) 'ആരാധന യോഗം' എന്ന് വിശേഷിപ്പിക്കുന്നത് അത്ര ശരിയല്ല. അതായത് ആരാധന മുകളിൽ പറഞ്ഞ കൂടിവരവിലോ, മറ്റേത് കൂടിവരവിലോ ഇല്ല എന്നുള്ളതല്ല. പഴയ നിയമത്തിൽ, എസ്രായുടെ കാലഘട്ടത്തിൽ എസ്രാ ദൈവവചനത്തിൽ നിന്ന് പഠിപ്പിച്ചപ്പോൾ ദൈവജനം ദൈവത്തെ ആരാധിച്ചു എന്ന് കാണുന്നു (നെഹെ. 8:18). ഓർക്കുന്നതിനും സ്ഥലം സഭകളിൽ അനുഷ്ടിക്കുന്ന ഒരു ശു ശ്രൂഷയാണ് കർത്താവിന്റെ അത്താഴം. 1 കൊരി. 11:20 (Lord's Supper). ഈ ഓർമ്മയുടെ ശുശ്രൂഷയിൽ ദൈവജനം കർത്താവി നെ ആരാധിക്കുമെങ്കിൽ കൂടി ഓർക്കുക എന്നതാണ് ആരാധനയെക്കാൾ പ്രസക്തം. ഈ ഓർമ്മ ശുശ്രൂഷയെ ആരാധന യോഗം എന്ന് നാമകരണം ചെയ്താലുള്ള ദോഷം കർത്താവിന്റെ നാമത്തിൽ അന്യാഗ്നി അർപ്പിക്കാനും ഓർക്കാനുള്ള കല്പന നിസ്സാരമാക്കാനുമുള്ള സാധ്യതയാണ്. അങ്ങനെ മുമ്പും സംഭവിച്ചിട്ടുണ്ട്. ഇനിയും സംഭവിക്കാൻ സാധ്യതയും ഉണ്ട്. ദൈവവചന പ്രകാരമുള്ള പേര് നിലനിർത്തുന്നുവെങ്കിൽ ഈ യോഗത്തിന് ദൈവവചനം ഉദ്ദേശിക്കുന്ന പ്രസക്തി നഷ്ടപ്പെടാതെ സൂക്ഷിക്കാം.

> “എന്നാൽ എല്ലാ കൂടിവരവുകളിലും കർത്താവിനെ ആരാധിക്കുകയും, സ്തുതിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.”

കർത്താവിന്റെ അത്താഴ ശുശ്രൂഷയെ (Lord's Supper) ആരാധന യോഗം എന്ന് പറഞ്ഞ് തുടങ്ങിയതു കൊണ്ട് സഭയിലെ പൊതു പെരുമാറ്റ ചട്ടങ്ങളിലും മാറ്റം വന്നിട്ടുണ്ട്. ഉദാഹരണമായി ചില സ്ഥലങ്ങളിൽ സഹോദിമാർ അപ്പം മുറിക്കൽ ശുശ്രൂഷക്ക് മാത്രം തല മൂടുകയും, മറ്റ് യോഗങ്ങൾക്ക് തല മൂടാതെയും ഇരിക്കുന്നു. അവരുടെ ചിന്തയിൽ അവിടെ മാത്രമേ

> “ഒരു പുരോഹിതനും കൂടി ആയ വിശ്വാസിക്ക് എപ്പോൾ വേണമെങ്കിലും ദൈവത്തെ ആരാധിക്കാം.”

**പഴയ താളുകൾ**

ദൈവത്തെ ആരാധിക്കുന്നു എന്നുള്ളതാണ്. എന്നാൽ എല്ലാ കൂടിവരവുകളിലും കർത്താവിനെ ആരാധിക്കുകയും, സ്തുതിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. കർത്താവ് ഇല്ലാത്ത ഒരു സഭാ കൂടിവരവിനെ കുറിച്ച് നാം ഒരിക്കലും ചിന്തിക്കരുത്. ചിലർ കർത്താവിന്റെ അത്താഴത്തിനും (Lord's Supper) മറ്റു കൂടിവരവുകൾക്കും വ്യത്യസ്ഥമായി വസ്ത്രധാരണം ചെയ്യുന്നു. അങ്ങനെ ഒരു വ്യത്യാസത്തിന് പ്രസക്തി ഉണ്ടോ?

ഒരു പുരോഹിതനും കൂടി ആയ വിശ്വാസിക്ക് എപ്പോൾ വേണമെങ്കിലും ദൈവത്തെ ആരാധിക്കാം. ദൈനംദിനം നാം ദൈവവചനത്തിന് വിധേയരാകുമ്പോൾ സ്വാർത്ഥ താത്പര്യങ്ങൾ വെടിഞ്ഞ് ദൈവത്തിന് പ്രസാദകരമായ ജീവനുള്ള ആരാധനയായി അർപ്പിക്കാൻ ഇടയാകും. (റോമർ. 12 :1 –2) ആരാധനക്ക് നമ്മെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുന്നതും ജാതീയമാണ്. ഇതാണ് ഇന്നത്തെ തെറ്റായ സംഗീതാരാധന രീതി. എന്നാൽ ദൈവമക്കൾ ആരാധിക്കാൻ പ്രേരിപ്പിക്കപ്പെടേണ്ടത് സന്തോഷമുള്ള ഹൃദയത്തിൽ നിന്നാണ്, അത് ഒരു പ്രത്യേക യോഗത്തിന് മാത്രമല്ല എല്ലായിപ്പോഴും. അതു കൊണ്ട് നമുക്ക് നമ്മുടെ ആരാധന യോഗങ്ങളെ അല്ല സത്യദൈവത്തെ തന്നെ ആരാധിക്കാം.

# ഉണർവ്വിന്റെ അനുഗ്രഹം നഷ്ടപ്പെടുത്തരുത്

ആത്മീക ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കുന്ന നമുക്ക് നിശ്ചയമായും ദൈവം മറുപടി നൽകും. എന്നാൽ ദൈവം പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നാം പാലിക്കണം. ഇന്ന് ദൈവജനത്തിന് വേണ്ടത് സമ്പൂർണ്ണമായ ഒരു മടങ്ങിവരവാണ്. 2 ദിനവൃത്താന്തം 7:14ൽ ദേശത്തിന് സൗഖ്യം ലഭിക്കണമെങ്കിൽ ദൈവജനത്തിന്റെ പാപം ക്ഷമിക്കപ്പെടണമെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. ഉണർവ്വിനു വേണ്ടി വ്യവസ്ഥകൾ പാലിച്ചു പ്രാർത്ഥിച്ചു എങ്കിലും തക്കസമയത്ത് അതിന്റെ അനുഗ്രഹം ലഭിക്കാതെ പോകുന്നുവെങ്കിൽ നമ്മുടെ സമർപ്പണത്തിന്റെ കുറവും മറ്റുപല വിഷയങ്ങളാലും നമ്മുടെ ശ്രദ്ധ മാറിപ്പോകുന്നതും ഒക്കെ കാരണങ്ങളാണ്. യോഹന്നാന്റെ സുവിശേഷം 4–ാം അദ്ധ്യായത്തിലെ ഉണർവ്വ് കർത്താവിന്റെ ശിഷ്യന്മാരായ നമുക്ക് ഒരു മുന്നറിയിപ്പും നൽകുന്നുണ്ട്. ശമര്യയിലെ സുഖാർ പട്ടണത്തിൽ നടന്ന സംഭവം നമുക്കു പരിചിതമാണ്. യോഹന്നാൻ 4ൽ വായിക്കുന്ന ഈ സംഭവം ആരാധനയെക്കുറിച്ചുള്ള ഉന്നതമായ ഒരു വെളിപ്പെടുത്തൽ കൂടിയാണ്. ശമര്യ സ്ത്രീക്കു രൂപാന്തരം ഉണ്ടാവുകയും, അവളുടെ സാക്ഷ്യം നിമിത്തം പട്ടണത്തിൽ വലിയൊരു ഉണർവ്വുണ്ടാവുകയും ചെയ്തു. കർത്താവ് ശമര്യ സ്ത്രീയോടു സംസാരിക്കുമ്പോൾ ശിഷ്യന്മാർ എവിടെയായിരുന്നു? നാം വായിക്കുന്നത് 'ശിഷ്യന്മാർ ഭക്ഷണ സാധനങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ ആയിരുന്നു' എന്നാണ്. (വാക്യം 8) അവർക്കു ഭക്ഷിക്കുവാൻ ആവശ്യമായിരുന്നു. എന്നാൽ കർത്താവുൾപ്പടെ 13 പേർക്ക് ഭക്ഷം വാങ്ങാൻ 12 ശിഷ്യന്മാരും പോയി എന്നത് ആശ്ചര്യകരമായി തോന്നുന്നു. അവരുടെ മനസ്സുകളിൽ നിറയെ ഭക്ഷണ കാര്യങ്ങൾ ആയിരുന്നതു കൊണ്ട് ആ വിഷയത്തിൽ അവർ മുഴുകിപ്പോയി. അതു കൊണ്ട് സുപ്രധാനമായ ചില നിമിഷങ്ങൾ അവർക്കു നഷ്ടപ്പെട്ടുപോയി. നമുക്കും ഇതു സംഭവിക്കാം. വിശ്വാസികളായ നാം ആത്മീക വിഷയങ്ങളെക്കാൾ ഭൗതിക കാര്യങ്ങളിൽ വ്യാപൃതരായിപ്പോകുന്നതു കൊണ്ട് ആത്മീക സത്യങ്ങൾ വേണ്ടവിധം ഗ്രഹിക്കാനും മാത്രമല്ല പല അനുഗ്രഹങ്ങളും നഷ്ടപ്പെടാനും കാരണമാകുന്നില്ലേ? ഉണർവ്വു ആരംഭിക്കുവാൻ നമ്മെക്കൊണ്ടാവില്ല. കർത്താവ് ഉണർവ്വിനെ അയക്കുമ്പോൾ അതിൽ പങ്കുകൊള്ളാനുള്ള തയ്യാറെടുപ്പും സൂചനകൾ കാണുമ്പോൾ ശ്രദ്ധയോടെ അതിന്റെ അനുഗ്രഹം അനുഭവിപ്പാനും നമുക്ക് ഇടയാകണം. പലതും നഷ്ടപ്പെട്ടുപോയി എന്ന കുറ്റബോധം നമ്മെ ഭരിക്കാതിരിക്കട്ടെ. ഭൗതിക വിഷയങ്ങൾ നമ്മുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നതു കൊണ്ട് ആത്മീക സത്യങ്ങൾ ഗ്രഹിക്കാനും കഴിയുന്നില്ല. ശിഷ്യന്മാർക്ക് സംഭവിച്ച നഷ്ടം നമുക്ക് ഉണ്ടാകാതിരിക്കട്ടെ.

*– എഡിറ്റർ ഇൻ ചാർജ്ജ്*

**ചിൽഡ്രൻസ് ക്ലബ്ബ്**



# രോഗം മാറിയിട്ട് 'മരുന്ന്'

പതിവു പോലെ പ്രഭാത പ്രാർത്ഥന കഴിഞ്ഞപ്പോൾ ഡാഡി ജസ്റ്റസിനോട് ചോദിച്ചു. “ഇന്ന് വായിച്ച ഭാഗത്ത് നിന്ന് എന്താണ് മനസിലായത്?” “ഉം....... അത്.... ഉം.....” ജസ്റ്റസ് പരുങ്ങലോടെ മൂളി. ഡാഡി ബൈബിളെടുത്ത് അവന്റെ നേരെ നീട്ടിയിട്ട് “ഇപ്പോൾ വായിച്ച യോഹന്നാൻ 3–ാം അദ്ധ്യായം ഒന്നു വായിച്ചേ. ജസ്റ്റസ് അലസമായി അത് വായിക്കുവാൻ തുടങ്ങി. 'ശ്രദ്ധിച്ചു വായിക്കണം” ഡാഡി പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ ജസ്റ്റസ്, “ഡാഡീ ഞാൻ വായിച്ചു കഴിഞ്ഞു” 'ങും! എന്നിട്ട് എന്ത് മനസിലായി!' ഡാഡി ചോദിച്ചു. ''എനിക്ക് അതിലെ ഒരു വാക്യം കാണാതെ അറിയാം തന്റെ ഏകജാതനായ പുത്രനിൽ.....” ജസ്റ്റസ് തുടരുന്നതിനിടയ്ക്ക് ഡാഡി ഇടയ്ക്കു കയറി പറഞ്ഞു. “മതി.... മതി...... വാക്യം കാണാതെ അറിയാം അതിൽ അടങ്ങിയിരിക്കുന്ന കാര്യം അറിയാമോ?” ജസ്റ്റസ് നിസംഗഭാവത്തിൽ ഡാഡിയേ നോക്കി. ഡാഡി തുടർന്നു. “നമ്മെ സ്നേഹിച്ച് ജീവൻ തന്ന ദൈവം....” ഈ ഭാഗത്തു നിന്നുള്ള കാര്യങ്ങൾ ജസ്റ്റസിനോട് ഡാഡി പറഞ്ഞുകൊണ്ടിരുന്നു. ''ഈ രക്ഷിതാവിനെ മോൻ രക്ഷിതാവായ് സ്വീകരിച്ചിട്ടുണ്ടോ? സ്വീകരിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ സ്വീകരിക്കുമോ?'' ഇതു കേട്ട ജസ്റ്റസ് ചിണുങ്ങികൊണ്ട് ഡാഡിയോട് പറഞ്ഞു. “ഡാഡി........ എനിക്കറിയാം.... എല്ലാമെനിക്കറിയാം. മമ്മിയും എന്നോട് ഈകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷെ...” ഡാഡി ചോദിച്ചു. “ഇനി സ്കൂൾ തുറക്കാൻ കുറച്ചു ദിവസങ്ങൾ കൂടിയല്ലേയുള്ളൂ. അതുവരെ അടിച്ചു പൊളിച്ച്, കളിച്ച് ആഘോഷമൊക്കെ കഴിഞ്ഞിട്ട് ഞാൻ....” ജസ്റ്റസ് തല താഴ്ത്തി പിടിച്ചുകൊണ്ട് പറഞ്ഞു. “ഈ തീരുമാനം മാറ്റിവെക്കേണ്ടതല്ല” എന്നു പറഞ്ഞ് ഡാഡി എഴുന്നേറ്റു പോയി. രക്ഷപ്പെട്ട ഭാവത്തിൽ ജസ്റ്റസും.



അന്നു വൈകിട്ട് ജോലി കഴിഞ്ഞ് ഡാഡി വീട്ടിൽ വന്നപ്പോൾ മമ്മി പറഞ്ഞു. 'വൈകിട്ടായപ്പോൾ ജസ്റ്റസിനു നല്ല പനി'' ഇതു കേട്ടപ്പോൾ ഡാഡി മുറിയിലേക്ക് പെട്ടെന്ന് വന്നു. തളർന്നു കിടക്കുന്ന ജസ്റ്റസിന്റെ നെറ്റിയിൽ തടവി നോക്കി കൊണ്ട് പറഞ്ഞു. “നല്ല പനിയുണ്ടല്ലോ, വേനൽ മഴ കൊണ്ടതായിരിക്കും കാരണം”. മമ്മിയെ നോക്കി ഡാഡി പറഞ്ഞു. “ഇന്നു നോക്കിയിട്ട് മാറിയില്ലെങ്കിൽ രാവിലെ ഡോക്ടറെ കാണിക്കാം” അന്ന് രാത്രി ജസ്റ്റസിന് ശരിയായി ഉറങ്ങാൻ കഴിഞ്ഞില്ല.

നേരം വെളുത്തപ്പോൾ പനി അൽപ്പം കുറഞ്ഞെങ്കിലും കഠിനമായ തലവേദനയും മനംപുരട്ടലും ജസ്റ്റസിന് അനുഭവപ്പെട്ടു. മമ്മി ഉടനെ ഡാഡിയോട് പറഞ്ഞു. “മോനെ ഉടനെ ഡോക്ടറെ കാണിക്കണം”. ഡാഡി ഉടനെ ജസ്റ്റസിന്റെ അടുത്തുവന്നു പറഞ്ഞു. 'മോനെ നമുക്ക് ഡോക്ടറെ കാണാൻ പോകാം” ക്ഷീണമുള്ള കണ്ണുകളുയർത്തി ജസ്റ്റസ് പറഞ്ഞു. “വേണ്ട ഡാഡി, എനിക്ക് ഒട്ടും വയ്യ. എഴുന്നേൽക്കാൻ പോലും” ഡാഡി ചോദിച്ചു. ''വരാതെ എങ്ങനെയാണ് ഡോക്ടറെ കാണുന്നത്? മരുന്നു കഴിച്ചാലല്ലേ രോഗം മാറുകയുള്ളൂ” “ഡാഡി ഡോക്ടറോട് എന്റെ രോഗ വിവരം പറഞ്ഞ് മരുന്ന് വാങ്ങിച്ചു കൊണ്ടുവന്നാൽ മതി” ക്ഷീണം പേറുന്ന കണ്ണുകൾ അടച്ച് അവൻ പറഞ്ഞു.

ജസ്റ്റസിന്റെ ഈ അവസ്ഥയിൽ ഡാഡിക്കും വിഷമം തോന്നി. “ശരി. എങ്കിൽ അങ്ങനെ ചെയ്യാം.'' ഡാഡി ഉടനെ ഡോക്ടറെ കാണുവാൻ പോയി.

അല്പനേരം കഴിഞ്ഞ് ഡാഡി മരുന്നുമായി വന്നു. മമ്മി കൊടുത്ത ചൂട് കഞ്ഞി കുറച്ച് കഴിച്ചപ്പോൾ കിട്ടിയ ഉണർവിൽ എഴുന്നേറ്റിരിക്കുകയായിരുന്നു ജസ്റ്റസ്. ''മരുന്ന് കിട്ടിയോ?'' ജസ്റ്റസ് ഡാഡിയോട് ചോദിച്ചു. “ങും!” ഡാഡി മൂളി. 'എപ്പോഴാണ് മരുന്നു കഴിക്കേണ്ടത്' ചോദ്യം കേട്ടപ്പോൾ ഡാഡി മരുന്നെടുത്ത് മേശയുടെ മൂലയിലേക്ക് നീക്കി വെച്ചു കൊണ്ട് പറഞ്ഞു. “പനിയെല്ലാം മാറിയിട്ട് അടുത്തയാഴ്ച” “ങേ!” ആശ്ചര്യത്തോടെ ജസ്റ്റസ് ഡാഡിയെ നോക്കി. ഡാഡി അവന്റെ മുഖത്ത് നോക്കാതെ വേറൊരു സ്ഥലത്തേക്ക് നോക്കിക്കൊണ്ടിരുന്നു. ഇതു കേട്ടുകൊണ്ട് മമ്മി അകത്തേക്കു വന്നു. ഡാഡി പറഞ്ഞതിന്റെ ആശ്ചര്യത്തിലിരിക്കുകയാണ് ജസ്റ്റസ്. മമ്മി ചോദിച്ചു. ''എന്താ, അതുപോരെ? പനിയെല്ലാം മാറിയിട്ട്” “ങേ! മമ്മിയും ഡാഡിയും എന്താ ഈ പറയുന്നത്. രോഗം ഉള്ളപ്പോഴല്ലേ മരുന്ന് കഴിക്കേണ്ടത്? രോഗം മാറിയിട്ടാണോ?'' ജസ്റ്റസിന്റെ ചോദ്യം കേട്ട് ഡാഡിയും മമ്മിയും ചിരിച്ചു. മമ്മി ചോദിച്ചു. “ആണോ, രോഗമുള്ളപ്പോഴാണോ മരുന്ന് കഴിക്കേണ്ടത്?'' “അതേ!” ജസ്റ്റസ് തറപ്പിച്ചു പറഞ്ഞു. അതു കേട്ടപ്പോൾ ഡാഡി ജനലിലൂടെ പുറത്തേക്കു നോക്കി, ആരോടെന്നില്ലാതെ പറഞ്ഞു. “പാപിയാണെന്ന് മനസിലായാൽ ഉടനെ യേശുവിനെ സ്വീകരിക്കണം'' ഇതുകേട്ടപ്പോൾ തലേന്ന് രാവിലെ നടന്ന സംഭവം ജസ്റ്റസ് ഓർത്തു. ഇളഭ്യനായ ഇരിക്കുന്ന ജസ്റ്റസിനെ ചേർത്ത് പിടിച്ച് ഡാഡി പറഞ്ഞു. ''ചെയ്യേണ്ട കാര്യം ചെയ്യേണ്ട സമയത്ത് ചെയ്യണം. അത് നാളത്തേക്ക് മാറ്റി വെക്കുന്നത് ശരിയല്ല.”

**കൂട്ടുകാരെ നിങ്ങൾ?**

പാപത്തെക്കുറിച്ച് ബോധം ഉണ്ടായിട്ടും പാപത്തിൽ നിന്ന് വിടുതൽ നൽകുന്ന യേശുവിനെ നിങ്ങൾ ഹൃദയത്തിൽ സ്വീകരിച്ചിട്ടുണ്ടോ? അതോ നിങ്ങളുടെ സൗകര്യാർത്ഥം വേറൊരു ദിവസത്തേക്ക് മാറ്റിവെച്ചിരിക്കുകയാണോ? ഇന്നു തന്നെ ശരിയായ തീരുമാനത്തിലെത്തുക.

**മനഃപാഠ വാക്യം**

*2 കൊരിന്ത്യർ. 6:2*

ഇപ്പോഴാകുന്നു സുപ്രസാദ കാലം; ഇപ്പോഴാകുന്നു രക്ഷാ ദിവസം

*2 കൊരിന്ത്യർ. 6:2.*

***– ടെൻസൻ ജോസഫ്, എറണാകുളം***

*കൊച്ചു കൂട്ടുകാർക്കായ്*
**ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രിയുടെ** *ഉപഹാരം*

**യേശുനാഥന്റെ കുഞ്ഞുവാവ**

5 ഡേ വി.ബി.എസ്സിലൂടെ കുട്ടികൾ പാടി ഹൃദയത്തിലേറ്റിയ ഗാനങ്ങൾ പുതിയ താളവാദ്യങ്ങളോടെ.

**തെരഞ്ഞെടുക്കപ്പെട്ട 21 ഗാനങ്ങൾ**

*വീണ്ടും വീണ്ടും കേൾക്കാൻ !!*
*വീണ്ടും വീണ്ടും പാടാൻ !!!*



**Best of 5 Day VBS Songs**

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ : 9447341237
9895710910

വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ – തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പബ്ലിഷർ & മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് – ടെൻസൻ ജോസഫ്.

# ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? രക്ഷിക്കപ്പെട്ട ഒരാൾ തുടർച്ചയായി പാപങ്ങൾ ചെയ്താൽ കർത്താവ് ക്ഷമിക്കുമോ? ഇങ്ങനെ ഉള്ളവർ വാസ്തവത്തിൽ രക്ഷിക്കപ്പെട്ടതാണോ? രക്ഷാനിർണയത്തിന് സഹായകരമായ വേദഭാഗങ്ങൾ പറഞ്ഞുതരാമോ?**

● രക്ഷിക്കപ്പെട്ട ശേഷം മിക്കവാറും എല്ലാ വിശ്വാസികൾക്കും തന്നെ ഉണ്ടാകുന്ന ചില പ്രശ്നങ്ങളും സംശയങ്ങളുമാണിവ. രക്ഷിക്കപ്പെടുക എന്നു പറഞ്ഞാൽ പാപം ചെയ്യാനുള്ള കഴിവ് നഷ്ടപ്പെടുക എന്നല്ല അതിന്റെ അർത്ഥം. ഈ ലോകത്തിൽ ജീവിക്കുന്ന കാലമത്രയും പാപം ചെയ്തുപോകാൻ സാദ്ധ്യതയുള്ള ഒരു ജഡത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ദൈവകൃപയാൽ പാപം ചെയ്യാതെ വിജയകരമായി പരീക്ഷകളെ അതിജീവിച്ച് ജീവിക്കാം എന്നതാണ്. ഒരു വിശ്വാസിയുടെ ആശ്വാസ വിഷയം. എന്നാൽ നമ്മുടെ ഭാഗത്തെ അശ്രദ്ധയും പാപത്തോടുള്ള ചായ്‌വും നിമിത്തം പാപം ചെയ്തുപോകാൻ സാദ്ധ്യതയുണ്ട്. അതിനാൽ നാം രക്ഷിക്കപ്പെട്ടവരല്ല എന്നു വരുന്നില്ല. രക്ഷ നമ്മുടെ വികാരങ്ങളിൽ അഥവാ തോന്നലുകളിൽ ആധാരപ്പെട്ടിരിക്കുന്ന ഒന്നല്ല. ഒരുവൻ പാപിയാണെന്ന് വാസ്തവമായി സമ്മതിച്ച് കർത്താവ് തനിക്കായി മരിച്ചെന്നു വിശ്വസിച്ച് ക്രിസ്തുവിനെ സ്വന്ത രക്ഷകനായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ അവൻ രക്ഷിക്കപ്പെട്ടവനാണ്. ആ കാര്യത്തിൽ സംശയത്തിനവകാശമില്ല.

രക്ഷിക്കപ്പെട്ടവരെ അവരുടെ ചില പാപപ്രവർത്തികൾ ഓർമ്മിപ്പിച്ച് രക്ഷിക്കപ്പെട്ടവരല്ല എന്ന ചിന്ത അവരിൽ ഉളവാക്കുക എന്നത് ഒരു സാത്താന്യതന്ത്രമാണ്. ഈ ചിന്ത ഒരിക്കലും മനസ്സിൽ അനുവദിച്ചു കൊടുക്കാൻ പാടില്ല. അതേസമയം രക്ഷിക്കപ്പെടാത്ത ചിലർ രക്ഷിക്കപ്പെട്ടവരാണെന്ന ചിന്തയും സാത്താൻ അവരിൽ കുത്തിവയ്ക്കാൻ ശ്രമിക്കും. രക്ഷയെക്കുറിച്ചുള്ള ഉറപ്പ് നമ്മുടെ തോന്നലുകളെയല്ല. പ്രത്യുത എഴുതപ്പെട്ട ദൈവവചനത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ദൈവവചനം പറയുന്നത് നാം വിശ്വസിക്കുക എന്നതാണ് ഏറ്റവും പ്രധാനമായ കാര്യം.

**ചില വാക്യങ്ങൾ ശ്രദ്ധിക്കുക**

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹന്നാൻ 1:12)

"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്" (യോഹന്നാൻ 3:36).

"ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു". (യോഹന്നാൻ. 5:13)

ഈ വാക്യങ്ങളിലെല്ലാം പറയുന്ന കാര്യം പുത്രനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ട് എന്നാണ്. യാതൊരു സംശയവും ഇല്ല. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകുകയില്ല എന്ന് യോഹന്നാൻ 3:16ലും പറഞ്ഞിട്ടുണ്ട്. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നത് നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു തന്നേ." (1 യോഹന്നാൻ. 5:13)

ദൈവവചനം എഴുതി ഇപ്രകാരം നമ്മുടെ കൈവശം തന്നിരിക്കുന്നത് നമുക്ക് നിത്യജീവൻ ഉണ്ടെന്ന് നാം അറിയേണ്ടതിനാണ്. ദൈവവചനത്തിന്റെ ഈ പ്രസ്താവനകൾ നാം വിശ്വസിക്കുക. തോന്നലുകളിൽ ആശ്രയിക്കാതിരിക്കുക. ഇതാണ് പ്രധാനം. കൂടാതെ നാം ദൈവമക്കൾ എന്നും ആത്മാവു താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു (റോമർ. 8:16). ദൈവാത്മാവ് ദൈവമക്കളുടെ ഉള്ളിൽ തങ്ങൾ ദൈവമക്കളാണെന്ന് ഒരു ബോദ്ധ്യം കൊടുക്കുകയും ചെയ്യും.

*– ജോൺ കുര്യൻ, കോട്ടയം*

**കുടുംബ വേദി**



# പ്രതിസന്ധികളിൽ ഒത്തൊരുമയോടെ

കുടുംബ ജീവിതം സ്ഥാപിച്ചപ്പോൾ ദൈവത്തിന്റെ പ്രധാന ഉദ്ദേശം പങ്കാളികൾ പരസ്പരം തക്കതുണകളായിരിക്കുക എന്നതായിരുന്നു. എന്നാൽ ഇന്ന് ഒരു കൂരയ്ക്ക് കീഴിൽ അപരിചിതരായി കഴിയുന്ന ഭാര്യാഭർത്താക്കന്മാരുണ്ട്. ഇങ്ങനെ വരുമ്പോൾ വ്യക്തികൾ ഒറ്റപ്പെടുകയും, മാത്രമല്ല കുടുംബജീവിതത്തിന്റെ മാധുര്യം നഷ്ടപ്പെടുകയും ചെയ്യും. ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ പങ്കാളികൾ അന്യോന്യം താങ്ങായി, തണലായി നില്ക്കുമ്പോൾ കുടുംബബന്ധങ്ങൾ ശക്തമായിത്തീരുകയും, പ്രശ്നങ്ങളെ തരണം ചെയ്യുവാൻ കൂടുതൽ കരുത്താർജ്ജിക്കുകയും ചെയ്യും.

പ്രതിസന്ധികൾ നേരിടുമ്പോൾ "തക്കതുണയുടെ" പ്രസക്തി ഏറെ അർത്ഥവത്താകും. പ്രധാനമായും രണ്ട് രീതിയിലുള്ള പ്രതിസന്ധികളാണ് കുടുംബ ജീവിതത്തിൽ നേരിടേണ്ടി വരുന്നത്.

ഒന്നാമതായി, ഭാര്യഭർത്താക്കന്മാർ തമ്മിലുള്ള പൊരുത്തക്കേടുകൾ. അന്യോന്യമുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുകയും ദൈവ സ്നേഹത്തിൽ പരസ്പരം അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ ഈ പ്രതിസന്ധിയെ ക്രമേണ തരണം ചെയ്യാവുന്നതാണ്. ദൈവമാണ് തങ്ങളെ യോജിപ്പിച്ചിരിക്കുന്നത് എന്നുള്ള അടിസ്ഥാനപരമായ ഉൾക്കാഴ്ച വ്യത്യാസങ്ങളെ മറികടന്ന് ചിന്തിക്കുവാനും പങ്കാളിയെ സ്നേഹിക്കുവാനും, ബഹുമാനിക്കാനും അഭിനന്ദിക്കുവാനും മറ്റും നമ്മെ പ്രാപ്തരാക്കുന്നു.

രണ്ടാമതായി, കുടുംബത്തിന് പുറത്ത് നിന്നുള്ള പ്രതിസന്ധികളാണ്. അതിൽ ചിലത് നമ്മുടെ നിയന്ത്രണത്തിൽപ്പെട്ടതും. ചിലത് നിയന്ത്രണത്തിൽപ്പെടാത്തതും ആണ്. ഉദാ. രോഗങ്ങൾ, മരണം, അപകടങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവ. ഇങ്ങനെയുള്ള പ്രതിസന്ധികളിൽ കുടുംബത്തിന്റെ ഐക്യതയും പരസ്പര സഹായവും ഏറെ ആവശ്യമാണ്. എന്നാൽ പ്രതിസന്ധികൾ വരുമ്പോൾ പങ്കാളിയിൽ നിന്നും അകന്നു നിൽക്കുന്ന വ്യക്തികളുണ്ട്. ഒരുപക്ഷേ പങ്കാളിയോട് തുറന്ന് സംസാരിക്കുവാനും, ചേർന്ന് നിൽക്കുവാനും ഭയപ്പെടുന്നവരുമുണ്ട്. "എനിക്കൊന്നും അറിയണ്ട" എന്ന നിക്ഷേധാത്മകമായ സമീപനവും പങ്കാളിയെ ഒറ്റപ്പെടുത്തും. എന്നാൽ പ്രതിസന്ധികളെ ഒരുമിച്ച് അഭിമുഖീകരിക്കുന്നത് കുടുംബത്തിന്റെ മൊത്തമായ വളർച്ചയ്ക്ക് വളരെയേറെ സഹായകരമാണ്. കഴിഞ്ഞ കാല ജീവിതത്തിൽ പ്രതിസന്ധികളെ നേരിട്ടതിന്റെ ഫലമായി നേടിയെടുത്ത കരുത്താണ് ഇന്ന് നമ്മെ പ്രതിസന്ധികളെ നേരിടുവാൻ സഹായിക്കുന്നത്. ഇവിടെ ദൈവം നമ്മെ സഹായിച്ച വിധവും പഠിപ്പിച്ച പാഠങ്ങളും പ്രത്യേകം ഓർക്കേണ്ടതാണ്. രണ്ടു പേരും ചേർന്ന് യോജിപ്പോടെ നിൽക്കുമ്പോൾ പ്രതിസന്ധിയെ നേരിടുവാൻ ബലം ലഭിക്കുന്നു. മാത്രമല്ല, അതിനെ തരണം ചെയ്യുവാനുള്ള വഴികളും എളുപ്പമാകുന്നു. (സഭാപ്രസംഗി 4 : 9,10) എന്നാൽ ഇങ്ങനെയുള്ള അവസരത്തിൽ അന്യോന്യം കുറ്റപ്പെടുത്തുകയും, മുറിപ്പെടുത്തുകയും ചെയ്താൽ ബന്ധങ്ങൾ അകലുകയും വ്യക്തികൾ നിരാശയിലേക്ക് നിപതിക്കുകയും ചെയ്യും.

കുടുംബം സ്വർഗ്ഗതുല്യമാകുന്നത്, സുഖവും, ദുഃഖവും, സന്തോഷവും സന്താപവും എല്ലാം പങ്കുവെയ്ക്കുമ്പോഴാണ്. ഇത് കുടുംബത്തിന് വലിയ മുതൽ കൂട്ടാണ്. അതുകൊണ്ട് പ്രതിസന്ധികൾ വരുമ്പോൾ അന്യോന്യം തുറന്ന് പറയുകയും ഒന്നിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥനയിൽ ജാഗരിക്കുകയും വേണം. ദൈവം തങ്ങളെ നടത്തിയ വഴികളെപ്പറ്റി അന്യോന്യം പങ്കുവെക്കുന്നത് ദൈവത്തിൽ കൂടുതൽ ആശ്രയിക്കുവാൻ പ്രചോദനമാകും. കുടുംബ ജീവിതത്തിൽ അന്യോന്യം താങ്ങായി, തണലായി, നിൽക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ചിന്തയിൽ നമുക്ക് സ്വയം വിലയിരുത്താം.

*പങ്കാളിക്ക് തക്ക തുണയായിരിപ്പാൻ എനിക്ക് കഴിയുന്നുണ്ടോ? പ്രതിസന്ധികളിൽ പങ്കാളിയോടുള്ള എന്റെ മനോഭാവം എന്താണ്? ദൈവം ആഗ്രഹിക്കുന്ന നിലയിലേക്ക് വളരുവാൻ എന്തെല്ലാം മാറ്റങ്ങളാണ് എന്നിൽ വരുത്തേണ്ടത്?*

*– സ്റ്റാൻലി, ഫാനി*


## ഔവർ വിഷൻ പ്രസിദ്ധീകരണങ്ങൾ
















ഏറ്റവും പുതിയ പുസ്തകം

**ആരാധനാ രഹസ്യങ്ങൾ**

പ്രധാന എഴുത്തുകാർ

ജെയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ചാക്കോ

പ്രമുഖ സഹോദരൻമാരുടെ അഭിപ്രായങ്ങൾ! കർത്തൃദാസൻമാരായ എ.പി. ഗിബ്സ്, വൈ. എസക്കീയേൽ തുടങ്ങിയവരുടെ പുസ്തകങ്ങളിൽനിന്നുള്ള സുപ്രധാന ഉദ്ധരണികൾ !

**പുസ്തക ശാലയ്ക്കും 10 പുസ്തകങ്ങളിൽ കൂടുതൽ വാങ്ങുന്നവർക്കും ഡിസ്ക്കൗണ്ട്!**

അനവധി പുതുമകളോടെ ! കോപ്പികൾ ഉടൻ ബുക്ക് ചെയ്യുക!

*കൂടുതൽ വിവരങ്ങൾക്ക്*

**Our Vision**, MRA 19A, Madathuvila Lane, Medical College PO Trivandrum - 695 011. Phone : 9447341237, 9447414222


# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 788 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2" ഉയരം. M.A.

**RM No : 789 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'5" ഉയരം. B.Sc. Optometry കേരളത്തിലെ ഒരു പ്രമുഖ ആശുപത്രിയിൽ ജോലി.

**RM No : 790 -** Born again baptized Brethren girl 25 / 5'5'' B.Sc. Nurse in Bangalore.

**WANTED BRIDE**

**RM No : 791 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 36 വയസ്സ് 5'3" ഉയരം. M.A സ്കൂൾ ടീച്ചർ.

**RM No : 792 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'9" ഉയരം. Auto Mobile Dip. ഗൾഫിൽ എയർപോട്ടിൽ ജോലി. ആഗസ്റ്റ് ആദ്യം നാട്ടിൽ വരുന്നു.

**RM No : 793 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 35 വയസ്സ് 5'2" ഉയരം. സ്കൂൾ ടീച്ചർ.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഭവന നിർമ്മാണത്തിനായി സഹായം


*സുവി. വർഗ്ഗീസ് കല്ലിങ്കൽ താമസിക്കുന്ന കുടിൽ*

പീച്ചി സഭാഗവും സുവിശേഷകനുമായ സഹോ. വർഗ്ഗീസ് കല്ലിങ്കൽ ഭവനം നിർമ്മാണത്തിനായ് സഹായം അഭ്യർത്ഥിക്കുന്നു. 1995–ൽ പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായ് വേർതിരിഞ്ഞ സഹോദരനെ 2000–ൽ പീച്ചി സഭ കമന്റ് ചെയ്തു. പീച്ചിയുടെ സമീപ പ്രദേശങ്ങളായ ചണോത്ത്, അഞ്ചേരി, വെട്ടുകാട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. തനിക്ക് സ്വന്തമായ 4 സെന്റ് സ്ഥലത്തുള്ള കൊച്ചു കൂരയിലാണ് സഹോദരനും ഭാര്യയും മൂന്നു പെൺമക്കളും താമസിക്കുന്നത്. കഴിഞ്ഞ 15 വർഷമായി രോഗിയായ ഭാര്യയെ ചികിത്സിച്ചതിനെ തുടർന്ന് സാമ്പത്തികമായി വളരെ പ്രയാസപ്പെടുന്നു. 4 വർഷം മുമ്പ് ഭവനം പണിയുവാൻ തറകെട്ടിയെങ്കിലും ഇതുവരെ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ചില സഹോദരന്മാരുടെ സഹായത്താലാണ് ഇത്രയെങ്കിലും സാധിച്ചത്. തുടർന്നുള്ള പണി പൂർത്തിയാക്കുവാൻ ദൈവമക്കളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിലേക്കായി എസി.ബി.ഐ. പീച്ചി ബ്രാഞ്ചിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ചെക്കുകളും ഡ്രാഫ്റ്റുകളും Varghese Kallingal, S.B. A/c No. 10554139266 SBI Peechi Branch എന്ന പേരിൽ എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചാലും. വിലാസം –

TBN Relief Fund,
C/o. Dr. Binoy Varghese,
Valayil House, Nellikkunnu,
Thrissur - 680005.

റിലീഫ് ഫണ്ടിനു വേണ്ടി –
പ്രസാദ് ഡേവിഡ്.

## ദുർഗാപ്പൂർ

കൊട്ടാരക്കര-പുലമൺ സഭയിൽ നിന്ന് വേലയ്ക്ക് വേർതിരിഞ്ഞ് വെസ്റ്റ് ബംഗാളിലെ ദുർഗാപ്പൂരിൽ സഹോ. സിജി വർഗീസ് കുടുംബമായ് കർത്താവിന്റെ വേല ചെയ്യുന്നു. സഹോദരന്റെ വിലാസം - Siji Varghese, Bible Bhavan, Subash pally, Benechity, Durgapur, West Bengal-713213. സഭയ്ക്കു വേണ്ടി, എം. എസ്. ജേക്കബ്, അനിൽ കുമാർ ഘോഷ്

## കൊല്ലം സോദരിഭവൻ

സോദരി ഭവനിൽ നടന്നു വരുന്ന ആറ് മാസ ബൈബിൾ സ്കൂളിന്റെ 11-ാമത് ബാച്ച് ജൂൺ 21ന് ആരംഭിക്കും. ഈ കോഴ്സിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരിമാർ ഉടൻ അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്കും അപേക്ഷഫോറത്തിനും സെക്രട്ടറിയുമായി ബന്ധപ്പെടുക. വിലാസം Secretary, Sodari Bhavan, Near Sankar Hospital, Kollam -691 001.

## സിവിൽ സർവ്വീസ് പരീക്ഷയിൽ 157-ാം റാങ്ക്



*ബെൻ മാത്യു വർക്കി*

അങ്കമാലി ടൗൺ ബ്രദ്റൻ സഭാംഗം ബെൻ മാത്യു വർക്കി അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയിൽ 157-ാം റാങ്ക് നേടി. ഇടച്ചേരി ഇ.എം. വർക്കിയുടെയും, ഗ്രേസിയുടെയും മകനാണ്. സഹോദരി ബെർനീസ്.

## കാൺകീർ

കാൺകീർ-ഇമ്മാനുവൽ ബ്രദ്റൻ സഭയുടെ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു. 2007 ഡിസംബറിൽ പുതിയ സഭാ ഹാളിന്റെ സ്തോത്ര ശുശ്രൂഷ നടന്നു. തുടർന്ന് 10 ദിവസത്തെ ബൈബിൾ ക്ലാസ്സും ഉണ്ടായിരുന്നു. സുവിശേഷ താൽപര്യമുള്ള സ്ത്രീകൾക്കായി തയ്യൽ ക്ലാസ്സും, ബോയിസ് അനാഥശാലയും പ്രവർത്തിക്കുന്നു. പരസ്യശുശ്രൂഷയും വിവിധ സ്ഥലങ്ങളിൽ നടക്കുന്നു. സഭയ്ക്കു വേണ്ടി, സന്തറാം, ധരംസിംഗ്, ഒ.എസ്. ഏലിയാസ്.

## ശിഷ്യത്വ പരിശീന ക്യാമ്പ് ആരംഭിച്ചു

ചുമത്ര ബ്രദ്റൻ സഭാ ഹാളിൽ മെയ് 14ന് ആരംഭിച്ച ക്യാമ്പ് 24ന് സമാപിക്കും. കർതൃദാസന്മാരായ സ്റ്റാൻലി ജോൺസ്, എം.എം. സഖറിയ, അനുസരണ പാണി, വർഗീസ് ജോൺ, ജോൺ കുര്യൻ, ജോർജ് കോശി, ജോസഫ് ആന്റണി, മാത്യു പോൾ, ഏബ്രഹാം ജേക്കബ്,ബാബു ജോൺ തുടങ്ങിയവരാണ് വിവിധ ക്ലാസുകൾ എടുക്കുന്നത്. വിസിറ്റിംഗ് ഫാക്കൽറ്റി ആയി ഡോ. അലക്സ് മാത്യു, ഡോ. ജോർജ്ജ് സാമുവൽ, ജോജോ സി. കുര്യൻ തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്.

അടുത്ത ബാച്ച് ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ നടത്തണമെന്നാഗ്രഹിക്കുന്നു. താൽപര്യമുള്ളവർ കെ. തോമസ് മാത്യു (9447360417), ബെഞ്ചമിൻ ജോസഫ് (0469-260 1532) എന്നിവരെ അറിയിക്കുക.

## സഭാഹാൾ അഭ്യർത്ഥന

മലപ്പുറം ജില്ലയിലെ പള്ളിക്കുത്തിൽ 40 വർഷങ്ങൾക്കു മുമ്പ് സഭാ കൂടി വരവ് ആരംഭിച്ചു. പുല്ലുമേഞ്ഞ ഒരു ഹാളിലായിരുന്നു ആദ്യ കാലങ്ങളിൽ ആരാധന യോഗങ്ങൾ നടന്നു കൊണ്ടിരുന്നത്. ആരംഭകാലഘട്ടത്തിൽ തന്നെ ആ ഹാൾ തീവെച്ചു നശിപ്പിക്കപ്പെട്ടു. പിന്നീട് ഒരു ചെറിയ ഒരു ഹാളിലാണ് നാളിതുവരെ യോഗം കൂടിക്കൊണ്ടിരുന്നത്. 90ഓളം അംഗങ്ങൾ കൂടിവരുന്നു. സ്ഥലപരിമിതിയുള്ളതു കൊണ്ട് പുതിയ സഭാ ഹാളിനായ് 31 സെന്റ് സ്ഥലം വാങ്ങി കടഅ യുടെ പേരിൽ രജിസ്റ്റർ ചെയ്തു. ഈ ആവശ്യത്തിലേക്കായി കാനറാ ബാങ്ക് നിലമ്പൂർ ബ്രാഞ്ചിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (A/C No. 212947) ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്. വിലാസം -L.M. Chacko, Lahammannil, Pallikkuthu, Chungathara, Malapuram - 679 334. സഭയ്ക്കു വേണ്ടി എൽ. എം. ജോൺ, ഒ.വി. ജോർജ്, എം. എസ്. സാമുവൽ.

## നമുക്കു ചുറ്റും

## ഫീബാ കോൺഫറൻസ്

അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി.യിൽ 2008 ജൂലൈ 31 മുതൽ ആഗസ്റ്റ് 3 വരെ ഫീബാ കോൺഫറൻസ് നടക്കുന്നു. "വിശ്വാസികളുടെ മഹത്വ പൂർണമായ അവകാശം" എന്നതാണ് ചിന്താവിഷയം. യുവജനങ്ങൾക്കും, കുട്ടികൾക്കും, സഹോദരിമാർക്കും പ്രത്യേക യോഗങ്ങളും നടക്കും.

## കുന്നൻപാറ

തിരുവനന്തപുരം - തിട്ടമംഗലത്തിനടുത്ത് കുന്നൻപ്പാറയിൽ 2005-ൽ ആരംഭിച്ച പ്രവർത്തനത്തെ തുടർന്ന് ഒരു സഭാ കൂടിവരവ് ആരംഭിച്ചു. 2008 ഏപ്രിൽ മാസം പഴയ ഒരു വീടടക്കമുള്ള സ്ഥലം വാങ്ങി അവിടെ ആരാധന യോഗം നടന്നു വരുന്നു. ഈ വർഷം വി.ബി. എസും നടന്നു.-സഭയ്ക്കു വേണ്ടി, എസ്.ജി. ഗിൽബർട്ട്, കെ. തമ്പി.

## ആറാട്ടുകുഴി പ്രവർത്തനം

തിരുവനന്തപുരം-ആറാട്ടുകുഴി സഭയുടെ പ്രവർത്തനങ്ങൾ നടക്കുന്നു. കന്യാകുമാരി ജില്ലയിലെ സുനാമിബാധിത പ്രദേശങ്ങൾ സന്ദർശിച്ചുള്ള പ്രവർത്തനം മുഖാന്തരം ചിലർ കർത്താവിനെ സ്വീകരിച്ചു. ഇപ്പോൾ സഹോദരൻ സ്റ്റീഫൺ കുടുംബമായി ആറാട്ടുകുഴിയിലെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. - യേശുദാസ്, ചന്ദ്രകുമാർ.

## തണ്ണീർമുക്കം

മുഹമ്മ ബ്രദ്റൻ സഭാഗം സഹോ. സുധീഷ് വാസവൻ വേദപഠന ശേഷം സഭയോട് ചേർന്നുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരികയായിരുന്നു. ഇപ്പോൾ തണ്ണീർമുക്കം പ്രദേശങ്ങളിൽ വേല ചെയ്യാനുള്ള തന്റെ ആഗ്രഹത്തെ തുടർന്ന് അവിടെ താമസിച്ച് പ്രവർത്തിക്കുന്നു. സഹോദരന്റെ വിലാസം - Sudeesh Vasavan, C/o. M.N. Bimal, Parayumbhagam, Thaneermukkom P.O., Alappuzha - 688527. റ്റി.ജെ. തങ്കച്ചൻ, എം.റ്റി. വർഗ്ഗീസ്.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

റിന്യൂവൽ ഒരു ശുശ്രൂഷയാണ്. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ കൈയ്യിൽ ഒരു വർഷം റിന്യൂവൽ എത്തിക്കുവാൻ 50 രൂപ ചിലവു വരും. നിങ്ങളുടെ വരിസംഖ്യ കാലാവധി തീരുന്നത് റിന്യൂവലിന്റെ റാപ്പറിൽ നോക്കിയാൽ അറിയാം. ഉദാ. റാപ്പറിൽ അഡ്രസ്സിന്റെ വലതു ഭാഗത്ത് S08MAY എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2008 മെയിൽ നിങ്ങളുടെ വരിസംഖ്യ പുതുക്കണമെന്നാണ്. നിങ്ങളുടെ പ്രാപ്തിപോലെ ഈ ശുശ്രൂഷയിൽ സഹകരിക്കുക.

## മഹത്വത്തിൽ



എറണാകുളം, പാലാരിവട്ടം സഭാംഗം പുത്തേത്ത്, എബനേസർ വീട്ടിൽ, ചാൾസ് നൈനാന്റെ ഭാര്യ, സിൽവി ചാൾസ് (41), താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ മാർച്ച് 23ന് ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ പാലാരിവട്ടം ബ്രദ്റൻ സഭാ സെമിത്തേരിയിൽ നടത്തി. യാക്കോബായ പശ്ചാത്തലത്തിൽ നിന്ന് വന്ന പരേത കുവൈറ്റിൽ നഴ്സ് ആയിരുന്നു. 2000 മുതൽ ബ്രെയിൻ ട്യൂമറിന് ചികിത്സയിലായിരുന്നു. പ്രാർത്ഥനയ്ക്കു വേണ്ടി സഹോദരിയുടെ രോഗവിവരം റിന്യൂവൽ പ്രയർ കലണ്ടറിൽ ചേർത്തിരുന്നു. മകൻ ഡോണി.

## മാസവേല, മാസയോഗം

പാലക്കാട് ജില്ലയിലെ നെന്മാറയ്ക്കടുത്ത് കരിമ്പാറ എന്ന സ്ഥലത്ത് മെയ് 6 മുതൽ 10 വരെ മാസ വേല നടന്നു. എല്ലാ മാസത്തിലേയും രണ്ടാമത്തെ ആഴ്ചയാണ് മാസവേലയും, യോഗവും നടക്കുന്നത്. വിവിധ സ്ഥലങ്ങളിൽ ഏകദിന പ്രവർത്തനങ്ങളും, മിനിക്യാമ്പുകളും നടന്നു വരുന്നു. - കെ. സി. സൈമൺ.

## ബഥനി ബൈബിൾ സ്കൂൾ

കുമ്പനാട് ബഥനി ബൈബിൾ സ്കൂൾ 60-ാം ബാച്ച് ജൂൺ 2ന് ആരംഭിക്കുന്നു. ദൈവവചന പഠനത്തിന് തൽപരരായ യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ഫോറത്തിനും പ്രൊസ്പെക്റ്ററിനും ഉടൻ എഴുതുക. വിലാസം സെക്രട്ടറി, ബഥനി ബൈബിൾ സ്കൂൾ, പി.ബി. നമ്പർ - 46, കുമ്പനാട് -689547.

# പ്രയർ കലണ്ടർ

## ജൂൺ 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | **1** സ്ഥലം സഭയിലെ ഓരോ വ്യക്തിയുടെയും പേര് പറഞ്ഞ പ്രാർത്ഥിക്കുക. മീറ്റിംഗുകളിൽ എല്ലാവരും സജീവമായി പങ്കെടുക്കുവാൻ. വ്യക്തിപരമായ വചന ധ്യാനവും പ്രാർത്ഥനാ ജീവിതവും മെച്ചപ്പെടാൻ. പരിശുദ്ധാത്മ നിറവിൽ ജീവിക്കുവാൻ. (നിങ്ങളുടെ ജീവിതം എങ്ങനെ?) | **8** ഞായറാഴ്ച കത്യമേശയിൽ സംബന്ധിക്കുന്നതിന് മുമ്പ് എല്ലാവരും തന്നെത്താൻ ശോധന ചെയ്തു ഒരുക്കത്തോടെ വരുവാൻ. കൂടുതൽ പേർ സ്തോത്രം ചെയ്യുവാൻ വചന ശുശ്രൂഷ ചെയ്യുന്നവരുടെ പേര് പറഞ്ഞ്. പാട്ടുകൾ ലീഡ് ചെയ്യുന്നവർക്കായി യുവജനങ്ങൾ ഉത്സാത്തോടെ പങ്കെടുക്കുവാൻ. | **15** സഭയിലെ സുവിശേഷകന്മാർക്കായി. ഇല്ലെങ്കിൽ കർത്താവ് ചിലരെ എഴുന്നേൽപ്പിക്കുന്നതിനായി. മൂപ്പന്മാരുടെ പേര് പറഞ്ഞ്. ശുശ്രൂഷകന്മാർക്ക് വേണ്ടിയും. ശുശ്രൂഷകന്മാർ ഇല്ലെങ്കിൽ ദൈവം ചിലരെ എഴുന്നേൽപ്പിക്കാൻ. സഹോദരിമാരുടെ യോഗം, സൺഡേസ്ക്കൂൾ, യുവജന മീറ്റിംഗ് ഇവയ്ക്കായി. ബൈബിൾ സ്റ്റഡി (ഇല്ലെങ്കിൽ തുടങ്ങുവാൻ) | **22** സഭയായി ചെയ്യുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കായി. ട്രാക്റ്റ് വിതരണം, ഭവന സന്ദർശനം, ആശുപത്രി സന്ദർശനം തുടങ്ങിയവ ഫലപ്രദമായി ചെയ്യാൻ. ഇല്ലെങ്കിൽ ആരംഭിക്കാൻ. പിന്മാറ്റത്തിലുള്ളവരുണ്ടെങ്കിൽ മടങ്ങിവരാൻ പേരു പറഞ്ഞ്, തീരുമാനങ്ങൾ എടുക്കേണ്ട യുവജനങ്ങൾ (പഠനം, വിവാഹം) ദൈവഹിതം മനസ്സിലാക്കുവാൻ. | **29** അയൽ സഭകളേയും, സുവിശേഷ വിഹിത സഭകളേയും ഓർത്ത്. നാമധേയ ക്രിസ്തീയ വിഭാഗങ്ങളേയും, നേതൃത്വത്തിൽ ഇരിക്കുന്നവരേയും ഓർത്ത്. അവർ ഏർപ്പെട്ടിരിക്കുന്ന ആതുര, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഓർത്ത്. ശരിയായ കാഴ്ചപ്പാടുണ്ടാകുവാനും ഈ പ്രവർത്തനങ്ങൾ മുഖാന്തരം ക്രിസ്തീയ സ്നേഹം മറ്റുള്ളവർ അറിയുവാനും. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **2** കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് ഭരണാധികാരികൾക്കു വേണ്ടി, പ്രസിഡന്റ്, മെമ്പർ എന്നിവരുടെ പേരുകൾ പറഞ്ഞ്. തങ്ങളുടെ ജോലി നീതിയോടെ നിർവഹിക്കുവാൻ. ജില്ലാ ആരോഗ്യകേന്ദ്രങ്ങൾക്കും, ഉദ്യോഗസ്ഥർക്കു വേണ്ടിയും, ഗവ. ഓഫീസുകളിൽ കൈക്കൂലി ഇല്ലാതാകാൻ (കൈകൂലി കൊടുക്കരുത്, വാങ്ങരുത്). | **9** നമ്മുടെ രാജ്യത്തിന് വേണ്ടി, 2009 മെയിൽ പൊതു തെരഞ്ഞെടുപ്പ് വരുന്നു. അതിനായ് ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്ന ഇലക്ഷൻ കമ്മീഷനും മറ്റ് അധികാരികൾക്കും വേണ്ടി. ചീഫ് ഇലക്ഷൻ കമ്മീഷണർ– കർണ്ണാടകയിൽ ദൈവജനത്തിന് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കത്തക്ക ഭരണകൂടം ഉണ്ടാകാൻ പ്രാർത്ഥിക്കുക. | **16** നമ്മുടെ രാജ്യത്ത് സമാധാനം നിലനിൽക്കുവാൻ. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവരെ ഓർത്ത് പ്രത്യേകം. പ്രതിപക്ഷ നേതാക്കൾക്കു വേണ്ടി. സുപ്രീം കോടതി ജഡ്ജിമാർക്കു വേണ്ടി. ഘടകകക്ഷി നേതാക്കൾക്കു വേണ്ടിയും. | **23** കേരളത്തിലെ ഭരണകർത്താക്കൾക്കായി. മുഖ്യമന്ത്രി, മന്ത്രിമാർ, ഘടകകക്ഷി നേതാക്കൾ, പ്രതിപക്ഷ പാർട്ടി നേതാക്കൾ, ഭരണകക്ഷിയിലെ മറ്റ് നേതാക്കൾ എന്നിവർക്കായി. ദൈവ ഭയത്തോടെ ഭരിക്കുവാൻ. സംസ്ഥാനത്ത് സമാധാനം നിലനിൽക്കുവാൻ. ഐ.എ.എസ്സ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കായി. | **30** കേരളത്തിൽ സമാധാനപരമായ അന്തരീക്ഷം നിലനിൽക്കാൻ വിദ്യാലയങ്ങൾ ജൂൺ ആദ്യം തുറക്കുന്നു. കലാലയങ്ങളിൽ തടസ്സം കൂടാതെ അദ്ധ്യയനം നടക്കാൻ. സ്വാശ്രയ കോളേജ് പ്രശ്നം രമ്യമായി പരിഹരിക്കുവാൻ. വിദ്യാഭ്യാസമന്ത്രി ശ്രീ. എംഎ. ബേബി,പൊതു വിദ്യാഭ്യാസ സെക്രട്ടറി ജയിംസ് വർഗീസ്. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **3** മദ്ധ്യപ്രദേശിലെ ഝാബുഅ ജില്ലയിലെ ഭീൽഗോത്ര ജാതികൾക്കു വേണ്ടി. ഭീലുകളിൽ 10,000 പേരിൽ 8 പേർക്ക് വീതമാണ് സ്വന്തം പേര് വരച്ചു വെക്കാൻ അറിയാവുന്നത്. ബൈബിൾ തർജ്ജിമയിൽ ഏർപ്പെട്ടിരിക്കുന്ന സഹോദരൻ പി.റ്റി. തോമസിനും കുടുംബത്തിനുമായി. | **10** രക്ഷിക്കപ്പെടാത്ത നിങ്ങളുടെ ബന്ധുക്കളുടെ ലിസ്റ്റുണ്ടാക്കുക. അവരോട് സുവിശേഷം പങ്കുവെയ്ക്കാനായി പ്രാർത്ഥിക്കുക. അതിനുള്ള അവസരം ഉണ്ടാക്കുക. ഇതിനായി മാത്രം കുടുംബയോഗങ്ങൾ നടത്തുക. അവധിക്കാലത്ത് പ്രത്യേക സന്ദർശനങ്ങൾ ഈ ഉദ്ദേശ്യത്തിൽ നടത്തുക. ട്രാക്റ്റുകൾ പുസ്തകങ്ങൾ കൂടെ കൊണ്ട് പോവുക. | **17** അയൽപക്കത്തുള്ളവരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. അവരെ വീട്ടിൽ പ്രാർത്ഥനയോഗങ്ങൾക്കു ക്ഷണിക്കുക. പ്രാർത്ഥനാ– അയൽ കൂട്ടങ്ങൾ ആരംഭിക്കുക. നിങ്ങൾ പോകുന്ന സഭയിൽ ചിലരെ അതിഥികളായി ക്ഷണിക്കുക. അവരെ വേണ്ടനിലയിൽ സ്വീകരിക്കുവാൻ സഭയിലെ ചുമതലപ്പെട്ടവർക്കു കൃപ ലഭിക്കാൻ. | **24** തെക്കേ ഇന്ത്യയിലെ വടക്കേ ഇന്ത്യ എന്നറിയപ്പെടുന്ന കർണ്ണാട കയ്ക്കു വേണ്ടി ജനസംഖ്യ 5.27 കോടി. കൊടഗ്, യാരവ ഭാഷക ളിൽ ബൈബിൾ തർജ്ജമ നടക്കേ ണ്ടതുണ്ട്. പൊതുവേ കടുത്ത എതിർപ്പ്. സുവിശേഷകൻമാർക്കായി, പ്രവർത്തനങ്ങൾക്കായി. കർണ്ണാടകയിലെ പുതിയ മന്ത്രിസഭയ്ക്കായി | |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **4** രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും, സാമ്പത്തീക ആവശ്യങ്ങൾക്കുമായി. നിങ്ങൾ നേരത്തെ പ്രാർത്ഥിച്ചു കൊണ്ടിരുന്ന രോഗികളുടെ വിവരം അന്വേഷിച്ച്. ഹൃദയ സംബന്ധമായ രോഗത്താൽ ഭാരപ്പെടുന്ന സഹോ. ജോർജ്ജ് കുട്ടി ലൂക്കോസ് (പുനലൂർ), ശ്യാമ ഡേവിഡ് (പൂന) കിഡ്നി തകരാറിലായതിനെ തുടർന്ന് ചികിത്സയിൽ. | **11** നിങ്ങൾക്കറിയാവുന്ന രോഗികളുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. (ബുധനാഴ്ച കോളത്തിൽ ചേർത്തിരിക്കുന്ന രോഗികൾക്കും വേണ്ടി). ബ്രയിൻ ട്യൂമറിന്റെ പ്രയാസം അനുഭവിക്കുന്ന സഹോ. വി.റ്റി. ജോൺ (കോയിപ്പുറം) ബൈക്ക് അപകടത്തെ തുടർന്ന് തലയോടിന് ക്ഷതം സംഭവിച്ചവർ സ്റ്റാൻലി ജോർജ്ജ് (അഹമ്മദാബാദ്), കെ.വി. ജോസ് (കുശാൽ നഗർ) | **18** നേരത്തെ പ്രാർത്ഥിച്ചവരുടെ രോഗവിവരം അന്വേഷിക്കുക. രോഗം മാറിയവർക്കായി ദൈവത്തോട് നന്ദിപറയാം. സഹോ. റിബേക്കാ സജി (കുണ്ടറ). കാലുവേദനയെ തുടർന്ന് ഓപ്പറേഷൻ വേണ്ടിവന്നു. അഞ്ചലിലെ സുവി. എം. എബ്രഹാമിനു വേണ്ടി. ബൈക്ക് അപകടത്തെ തുടർന്ന് തോളെല്ലിന് പൊട്ടൽ. | **25** വൃദ്ധരായ രോഗികൾക്കുവേണ്ടി. അവരെ ശുശ്രൂഷിക്കുന്നവർക്കു വേണ്ടി. (സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കഴിയുമോ?) ക്യാൻസർ രോഗത്താൽ പ്രയാസമനുഭവിക്കുന്നവർക്കായി. ഗ്രേസ് ജോൺസൻ (എറണാകുളം), റാഫേൽ (ഇടയക്കുന്നം) | |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **5** വടക്കെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാരുടേയും കുടുംബാംഗങ്ങളുടെയും സംരക്ഷണത്തിനായി. പല സ്ഥലത്തും പ്രയാസങ്ങൾ, രാജസ്ഥാൻ, മദ്ധ്യപ്രദേശ് ഗവൺമെന്റ് അധികാരികൾക്കായി. ദൈവജനത്തിനു വിരോധമായ നീക്കങ്ങൾ ഉണ്ടാകാതിരിക്കാൻ. | **12** ബൈബിൾ സ്കൂളുകളിൽ പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. ശരിയായ വിളിയും ദർശനവുമുള്ളവർക്കായി. പഠിപ്പിക്കുന്ന അധ്യാപകർക്കായി. പെരുമ്പാവൂർ ജി.റ്റി.സി. സ്റ്റിവാർഡ് ബൈബിൾ കോളേജ് (ചെന്നൈ) ബി.ബി.ഐ. (പത്തനംതിട്ട), മധുര ബൈബിൾ സ്ക്കൂൾ, രെഹബോത്ത് ഇൻസ്റ്റിറ്റ്യൂട്ട് (തൃശ്ശൂർ). | **19** ഫണ്ടുകൾക്കും, പ്രസ്ഥാനങ്ങൾക്കും വേണ്ടി. സ്റ്റീവാർഡ് അസോസിയേഷൻ, കെ.എ.ഇ. ഫണ്ട്, ജി.എഫ്.റ്റി.ഐ. ഇന്ത്യൻ ഇവാൻജലിക്കൽ ട്രസ്റ്റ്, ജനറൽ ഗോസ്പൽ ഫണ്ട് എന്നിവരുടെ സെക്രട്ടരിമാർ, മറ്റ് ഭാരവാഹികൾ ഇവർക്കായി. പ്രയോജനകരമായ ശുശ്രൂഷ തുടരുവാനും ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കാനും. | **26** ഡൽഹിയിൽ നടന്ന നാഷനൽ മിഷനറി ചലഞ്ച് കോൺഫറൻസിന്റെ ഫോളോ അപ്പ് പ്രവർത്തനങ്ങൾക്കായി. തീരുമാനമെടുത്തവർ, സ്ഥലം സഭകളിൽ പ്രവർത്തിച്ച് പ്രാർത്ഥനാപൂർവ്വം മിഷൻ ഫീൽഡുകളിലേക്കു പോകാൻ. ആഡ്രൂ ഫോളോ അപ്പ് ഒക്ടോബർ 6, 7 തീയതികളിൽ. സ്ഥലം സഭകളിൽ നിന്ന് അനവധി ചെറുപ്പക്കാർ കർത്താവിന്റെ വേലക്കായി പോകാൻ. | |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | **6** ആഫ്രിക്കൻ രാജ്യങ്ങൾക്കു വേണ്ടി വിവിധ സുവിശേഷ സംഘടനകൾ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ധാർമ്മിക മൂല്യം വളരെ കുറവായ ഈ രാജ്യങ്ങളിൽ എയ്ഡ്സ് രോഗികൾ വളരെ കൂടുതൽ ആണ്. ക്ഷാമബാധിത രാജ്യങ്ങളായ നൈഗർ, എത്യോപ്യ, ക്രൈസ്തവർക്കു പീഡനമുള്ള സുഡാൻ. 8 രാജ്യങ്ങളിലായി കഴിയുന്ന 7, 65,000 പിശ്മികൾക്കായി. | **13** ആഫ്രിക്കയിൽ 0.1 ശതമാനത്തിൽ താഴെ ക്രിസ്ത്യാനികൾ ഉള്ള രാജ്യങ്ങൾ മൗറിത്താനിയ, മൊറോക്കോ, ലിബിയ, ടുണീഷ്യ, കോമോറോസ്, ജിബൂട്ടി, നൈഗർ, സൊമാലിയ ഭൂപടത്തിൽ നോക്കി ഈ രാജ്യങ്ങൾക്കു വേണ്ടി ഇടിവിൽ നിൽക്കുക. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു പ്രാർത്ഥിക്കുക. | **20** ഗൾഫു രാജ്യങ്ങൾക്കു വേണ്ടിയും ഭരണാധികാരികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക. ആരാധനാ സ്വാതന്ത്ര്യം നൽകിയിട്ടുള്ള ഭരണാധികാരികളെ ഓർത്തു സ്തോത്രം ചെയ്യുക. ജോലികൾക്കായി എത്തിയിട്ടുള്ള വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിശ്വാസികൾ സാക്ഷ്യത്തോടെയും ആത്മാക്കളെ കുറിച്ചുള്ള ഭാരത്തോടെയും ജീവിക്കാൻ. യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടി. | **27** ഭാരതത്തിന്റെ അയൽ രാജ്യങ്ങൾക്കായി. ചൈനയിൽ കൂടുതൽ മത സ്വാതന്ത്ര്യം ലഭിക്കാൻ. പാക്കിസ്ഥാനിൽ സമാധാനത്തിനായി. ബംഗ്ലാദേശിൽ സുസ്ഥിര ഭരണക്കൂടം ഉണ്ടാക്കാൻ. പൂർണ സ്വാതന്ത്ര്യം ലഭിക്കാൻ. മ്യാൻമ്യാറിൽ സുവിശേഷ സ്വാതന്ത്ര്യത്തിന്. പ്രകൃതി ദുരന്തത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളിൽ വളരെ കഷ്ടപ്പെടുന്നു. | |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **7** ഭാരതത്തിലെ അനവധി മിഷൻ ആശുപത്രികൾ ഇല്ലാതെയായി കൊണ്ടിരിക്കുന്നു. സമർപ്പണമുള്ള ഡോക്ടറ്മാർ, നേഴ്സുമാർ ഇവർക്കായി പ്രാർത്ഥിക്കുക. മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായി. സംഘേശ്വർ മിഷൻ ആശുപത്രി, മന്ദമരുതി ആശുപത്രി ഇവിടങ്ങളിൽ ഡോക്ടർമാരേ ലഭിക്കേണ്ടേതിനായി. ടി.എം.എം. നേഴ്സിംഗ് കോളേജിനായും ചാപ്പൽ സർവ്വീസിനായും. | **14** എയ്ഡ്സ് രോഗികൾക്ക് വേണ്ടിയുള്ള ആക്സെപ്റ്റ് (ബാംഗ്ലൂർ) അനവധി പേർ കർത്താവിനെ കണ്ടുമുട്ടുവാൻ. കേരളത്തിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി. വെല്ലൂർ സഭയോട് ചേർന്നുള്ള മേഴ്സി ഹോമിനായി. തിരുവനന്തപുരത്തെ പോൾ തിമോത്തി ട്രസ്റ്റിനായി. വൃദ്ധജനത്തെ പരിചരിക്കുന്ന മേഴ്സി ഹോം. നെല്ലിക്കുന്ന് വൃദ്ധമന്ദിരം തുടങ്ങിയവ. | **21** കുട്ടികളുടെ ഇടയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായി. 5 ഡേ വി.ബി.എസ്., ബാലസംഘം പ്രവർത്തനങ്ങളിലൂടെ അവധികാലത്ത് സുവിശേഷം കേട്ടവർക്കായി. സ്ക്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സി.ഇ.എഫ്. പ്രവർത്തനങ്ങൾക്കു വേണ്ടി. നിങ്ങളുടെ സ്ഥലം സഭയിൽ കുട്ടികൾക്കായി പ്രത്യേക പരിപാടികൾ നടത്താറുണ്ടോ? | **28** യുവജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾ ടീൻസ് ക്യാമ്പുകൾക്കായി. ഇടുക്കി ജില്ലയിൽ യൂത്ത് ക്യാമ്പുകൾ നടത്തുവാനായി. കോളേജ് സ്റ്റുഡൻസ് ക്യാമ്പുകൾ, വൈ.ഇ.എം.എഫ്. ക്യാമ്പുകൾക്കായി. എല്ലാ സ്ഥലം സഭകളിലും യുവജന മീറ്റിംഗുകൾക്കായി. | |

### ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം

5 മിനിററ് സ്തുതി:
5 മിനിററ് നന്ദി (സ്ത്രോതം):
5 മിനിററ് ഏററുപറച്ചിൽ:
20 മിനിററ് വചനധ്യാനം:
20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:
5 മിനിററ് അപേക്ഷ:



Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm.